പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3860

21.06. 2018 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന്റെ വരുമാനം

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരുമാനം എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ; | (എ) 2017-18 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ വരുമാനം 11619.60 കോടി രൂപയാണ്. |
| (ബി) ജലവൈദ്യുതി പദ്ധതികളിൽ മഴക്കാലത്ത് അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിൽപ്പന നടത്താറുണ്ടോ ; | (ബി) സംസ്ഥാനത്ത് ഇത്തവണ കാലവർഷം നല്ല തോതിൽ ലഭിക്കുന്നതിനാലും, ദീർഘകാല കരാറുകൾ മുഖേനയും, കേന്ദ്രപൂളിൽ നിന്നും താരതമ്യേന വിലകുറഞ്ഞ വൈദ്യുതി ദിവസം മുഴുവൻ ലഭിക്കുന്നതിനാലും വൈദ്യുതി ഉപഭോഗം കുറയുന്ന ചില സമയങ്ങളിൽ മിച്ചമായി വരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചിലൂടെ വിൽക്കുന്നുണ്ട്. ഇത് കൂടാതെ മിച്ചമായി വരുന്ന വൈദ്യുതി മുൻകൂട്ടി കണക്കാക്കി 2018 ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ 100 മെഗാവാട്ട് വൈദ്യുതി (ജൂൺ മാസത്തിൽ 50 മെഗാവാട്ട്), ബീഹാർ സംസ്ഥാനത്തിനു വിൽപ്പന നടത്താനുള്ള കരാറിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 'Deep' പോർട്ടൽ വഴി ഏർപ്പെട്ടിട്ടുണ്ട്. |
| (സി) ഈ ഇനത്തിൽ പ്രതിദിനം എത്ര രൂപയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; 2018 മേയ് 31 വരെയുള്ള കണക്ക് ലഭ്യമാക്കാമോ | (സി) ഈ ഇനത്തിൽ മേയ് മാസത്തിൽ ശരാശരി പ്രതിദിനം 66.66 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രതിദിനം ശരാശരി 1 (ഒന്ന്) ദശലക്ഷം യൂണിറ്റ് വിറ്റിട്ടുണ്ട്. 01/04/2018 മുതൽ 31/05/2018 വരെ 21.66 കോടി രൂപയ്ക്കുള്ള 37.59 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വിറ്റിട്ടുള്ളത്. |
| (ഡി) ബോർഡിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം എത്ര തുകയാണ് ;വിശദമാക്കാമോ; | (ഡി)2016-17 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം 1494.63 കോടി രൂപയാണ്. |
| (ഇ) അധിക ഉൽപ്പാദന വൈദ്യുതി വിൽക്കുന്നത് വഴി ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ കുറവ് വരുത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ)വൈദ്യുതി താരിഫ് നിർണ്ണയം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. മൊത്തം വരവും, ചെലവും നിർണ്ണയിച്ചശേഷം റവന്യൂ ഗ്യാപ്പ് നികത്തുന്നതിലേയ്ക്കാവശ്യമായ നിരക്ക് നിർണ്ണയ ഉത്തരവാണ് കമ്മീഷൻ പുറപ്പെടുവിക്കുന്നത്. അധിക വൈദ്യുതി വിറ്റവകയിൽ ലഭിക്കുന്ന വരുമാനവും മൊത്ത വരുമാനത്തിൽ ഉൾപ്പെടുന്നതിനാൽ ഇതിന്റെ ആനുകൂല്യം എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ